(ബി) മേൽ കാലയളവിൽ 3 സോണൽ ആഫീസുകളാണ് അടച്ചുപൂട്ടിയിട്ടുള്ളത്. ഇതുമൂലം ആർക്കും തൊഴിൽ നഷ്ടപ്പെട്ടിട്ടില്ല.

(സി) സാധാരണ ദിവസവേതന ജീവനക്കാർക്ക് 1-11-2011 മുതൽ 1-12-2012 വരെ 250 രൂപയും 1-12-2012 മുതൽ 300 രൂപയും ദിവസ വേതന ഡ്രൈവർമാർക്ക് 1-11-2011 മുതൽ 1-12-2012 വരെ 300 രൂപയും 1-12-2012 മുതൽ 350 രൂപയുമാണ് നൽകിവരുന്നത്.

(ഡി) അടച്ചുപൂട്ടിയ സ്ഥാപനങ്ങളിലെ ജീവനക്കാരെ മറ്റ് യൂണിറ്റുകളിലേയ്ക്ക് പുനർവിന്യസിപ്പിച്ചും ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തിയും ജീവനക്കാർക്ക് തൊഴിൽ നഷ്ടപ്പെടാതിരിക്കാനുള്ള നടപടികൾ കൺസ്യൂമർ ഫെഡറേഷൻ സ്വീകരിച്ചിട്ടുണ്ട്.

കൺസ്യൂമർഫെഡിലെ കടിശ്ശിക

95(2083) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൺസ്യൂമർഫെഡിൽ സാധനങ്ങൾ എത്തിക്കുന്നവർക്ക് കടിശ്ശിക ഇനത്തിൽ തുക നൽകുവാനുണ്ടോ ; എങ്കിൽ എത്ര രൂപ കടിശ്ശിക ഉണ്ടെന്നും എന്നത്തേക്ക് ഇത് പൂർണ്ണമായും വിതരണം ചെയ്യാൻ കഴിയും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

കൺസ്യൂമർഫെഡിൽ സാധനങ്ങൾ വിതരണം ചെയ്തവർക്ക് 357.99 കോടി രൂപ കടിശ്ശികയായി നൽകാനുണ്ട്. സപ്ലയർമാർക്ക് കടിശ്ശിക നൽകുന്നതിലേക്ക് 100 കോടി രൂപ നൽകുന്നതിന് നിർദ്ദേശിച്ച് ജില്ലാ സഹകരണ ബാങ്കിൽ നിന്ന് സർക്കാർ ഗ്യാരന്റിയുടെ അടിസ്ഥാനത്തിൽ 150 കോടി രൂപ വായ്പ വാങ്ങുന്നതിന് ഫെഡറേഷന് സർക്കാൻ അനുമതി നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച് ഫെഡറേഷൻ ഭരണസമിതി നടപടി സ്വീകരിച്ചുവരുന്നു.

ഖാദി ഗ്രാമവ്യവസായ സംഘങ്ങൾ

96(2084) ശ്രീ. കെ. കഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഖാദി ഗ്രാമവ്യവസായ സഹകരണ സംഘങ്ങളിൽ എത്ര പേർ തൊഴിലെടുക്കുന്നുവെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly